




# ചിറക്

## The Wings





TDHSS ALAPPUZHA

# T.D.H.S.S

## ALAPPUZHA

# ആശംസ

റ്റി.ഡി.എച്ച്.എസ്.എസ് ആലപ്പുഴയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ "ചിറക്"എന്ന ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

എന്ന്,



എം.അന്നപൂരണി

ഹെഡ്മിസ്ട്രസ്സ്

റ്റി.ഡി.എച്ച്.എസ്.എസ്

# ആമുഖം

ചിറക് സർഗ്ഗാത്മകതയുടെ ആകാശങ്ങൾ കീഴടക്കുന്ന പ്രതീക്ഷയുടെ പേരാണ്. സ്വപ്നങ്ങളിലേക്ക് ലക്ഷ്യം വെച്ചവരാണ് ഇവിടെ ചിറക് വിരിക്കുന്നത്. കഥയുടെ, കവിതയുടെ, ചിത്രങ്ങളുടെ വേറിട്ട കാഴ്ച്ചകൾ ഇവിടെ അടയാളപ്പെടുത്തുന്നു. അറിവിൻെറ അനന്ത വിഹായസ്സിലേക്ക് ചിറക് വിടർത്തുന്ന സർഗ്ഗസൃഷ്ടികൾ നിങ്ങൾ വിലയിരുത്തുക. അക്ഷരങ്ങളുടെ കൂട് പൊട്ടിച്ച് അവർ പറക്കട്ടെ.......................

# താളുകളിലൂടെ


1 -ഓർമ്മയായ് പ്രളയം......................
2 -ചേലുള്ള കാട്.................................
3 -ആകാശത്തിലെ പറവകൾ............
4 -എൻെറ ഓർമ്മകൾ.........................
5 -ബിനാലെയുടെ
കാൽപ്പാടുകളിലൂടെ..........
6 -നന്മയുടെ പ്രതിഫലം......................
7 -ഒരു വയസ്സൻ തുമ്പി.........................
8 -പുലരി...........................................
9 -സന്യാസിയും നായയും....................
10-പ്രകൃതിയുടെ കളിവിളയാട്ടങ്ങൾ.........
11-അമ്മയ്ക്കൊരുമ്മ ...............................
12-മാമ്പഴക്കാലം തേടി........................
13-ചിറകുകൾ വീശി............................
14-ഞാൻ ചൊവ്വയിൽ.........................
15-ചിത്രജാലകം................................

# ഓർമയായ് പ്രളയം



ഓർക്കുവാൻ ഇനി ഒരു ഓർമയായ് കേരളത്തെ
വെള്ളത്താൽ വിഴുങ്ങിയ പ്രളയം
ഇരവിലും പകലിലും നിർത്താതെ പെയ്തൊരു
മഴയാൽ ഉണ്ടായ  പ്രളയം

കളങ്കമായിരുന്നൊരു  വേളയിൽ മനുഷ്യരുടെ
മനസിൽ ആശങ്കയുണ്ടാക്കിയ പ്രളയം
മനുഷ്യരിൽ നിന്നുണ്ടായ നീച പ്രവർത്തിയിൽ
ഭവിച്ചതാ ഘോര പ്രളയം

ഒത്തിരി ജീവന്റെ മരണത്തിനു കാരണം
എന്തെന്നാൽ അതു പ്രളയം
രക്ഷരക്ഷസ്സുകളാൽ ബന്ധിച്ച കേരളത്തെ
രക്തകറയാക്കിയതും പ്രളയം

ജീവനു വേണ്ടി പോരാടും നേരത്ത്
രക്ഷക്കായ് വന്ന കരങ്ങൾ
ദൈവത്താൽ കരങ്ങൾക്ക് തുല്യമായി
വന്ന മത്സ്യ തൊഴിലാളികൾ

മനുഷ്യരുടെ നീച പ്രവർത്തിയിൽ
പ്രകൃതി കോപിച്ച തുള്ളിയതാ പ്രളയം
ആ പ്രളയത്താൽ നശിച്ചതു
ഒത്തിരി ഒത്തിരി ജീവിതങ്ങൾ

ജാതി മത പ്രശ്നങ്ങൾ മാറ്റിവെച്ച മനുഷ്യർ
ഒരുമയോടെ പോരാടി ജയിച്ചൊരു പ്രളയം
ആശങ്കകളെല്ലാം ഒഴിഞ്ഞതിനു ശേഷം
ഒരു പേടി സ്വപനമായിതാ
പ്രളയം

-സഞ്ചയ് കുമാർ- 9 A

# ചേലുള്ള കാട്



കാടും പുഴയും അരുവികളും
കാട്ടിലെ കുഞ്ഞുക്കരുവികളും

കാറ്റും കുളിരും സുഖവുമെല്ലാം
നൽകും നമ്മുടെ വൃക്ഷങ്ങളും

കാടിനു കൂട്ടായ് മനുഷ്യന്മാരും
നടനം ചെയ്യും മയിലുകളും

വർണ്ണം പൊതിയും പുഷ്പ്പങ്ങളും
പതുങ്ങിയിരിക്കും ശലഭങ്ങളും

കാടിനു കുളിരായ് മഴയുമുണ്ട്
മഴയുടെ കൂടെ ഇടിയുമുണ്ട്

പുലരും സമയം മഞ്ഞുമുണ്ട്
ഇരുളുന്ന കൂട്ടായ് നിലാവുമുണ്ട്

കാട്ടിലെ കുഞ്ഞു വൃക്ഷങ്ങളും
അരികിലെ ചെറിയ അരുവികളും

വൃക്ഷങ്ങൾ നടും മനുഷ്യന്മാരും
വെട്ടി നശിപ്പിക്കും നീചന്മാരും

-സഞ്ചയ് കുമാർ-
9 A

# ആകാശത്തിലെ പറവകൾ

ഭൂമിതൻ സൗന്ദര്യത്തിൻ പ്രകൃതിതൻ മനോഹാരിതയിലും
ലോകത്തിനും കൂട്ടായ് വർണ്ണക്കൂട്ടങ്ങൾ
അവ ചില പക്ഷി കൂട്ടങ്ങൾ



മരത്തിനു മുകളിൽ കുടിയിരിക്കും കുരുവി കൂട്ടങ്ങൾ
വയലിനു മേലെ പാറി പാറി പറക്കും മാടത്തകിളികൾ

പുലരും സമയം ഗിതം മൂളും കുയിലിൻ കുഞ്ഞുങ്ങൾ
സന്ധ്യ സമയം കരയും നമ്മുടെ മൂങ്ങ കൂട്ടങ്ങൾ

മാനം മുഴുവൻ ചുറ്റികളിക്കും പരുന്തിൻ കൂട്ടങ്ങളും
പുവിനു മുകളിൽ പതുങ്ങിയിരിക്കും ശലഭ കൂട്ടങ്ങളും

വയലിനു അരികിൽ നടന്നു കളിക്കും കൊക്കിൻകൂട്ടങ്ങളും
അരിയിൻ മണികൾ കൊത്തി നടക്കും പ്രാവിൻ കുഞ്ഞുങ്ങളും

പുഴയുടെ അരികിൽ നിന്തിയുഴലും അരയന്നങ്ങളും
കൂട്ടിനുള്ളിൽ നിന്നും കിന്നാരം പറയും തത്തമ്മകളും

മാനം മുഴുവൻ ചുറ്റി കളിച്ചും മരങ്ങൾ മുഴുവൻ കൂടും വെച്ചും
ആകാശത്തിലെ തോഴിമാരായ പക്ഷി കൂട്ടങ്ങൾ

-സഞ്ചയ് കുമാർ-
9 A

# എന്റെ ഓർമ്മകൾ



എല്ലാം ഇന്നലെകളിലെ കണ്ട ഒരു സിനിമാക്കഥ പോലെ തോന്നിപ്പിക്കുന്ന ഇത് എന്റെ മാനസിക പ്രശ്നമല്ല ഞങ്ങളുടെ രണ്ടു പേരുടെയും കൂടിയാണ് അവനെ മനസ്സിൽ താലോലിക്കാത്ത ഒരു ദിനരാത്രം പോലും ഇല്ല എന്ന് വേണം പറയാൻ.

ഇടവഴികളിൽ, പറമ്പുകളിൽ, റോഡരികിൽ പട്ടികുട്ടങ്ങൾ കടിപിടികൂടുമ്പോൾ അവരുടെ ഇടയിൽ അവൻ ഉണ്ടോ എന്ന് ഞങ്ങളുടെ നേത്രങ്ങൾ പലതും അവനുണ്ടായിരുന്നെങ്കിൽ ഇവർഅടിപിടികൂടില്ലല്ലോ അവനൊരു സമാധാനപ്രിയനാണല്ലോ അവനാലാകും വിധം പ്രശ്നം പരിഹരിക്കുന്നവനല്ലേ?

ഞങ്ങളുടെ എല്ലാവരുടേയും മനസ്സ് കവർന്ന "മായാവി" ആണവൻ. ഞങ്ങൾ പറയാതെ തന്നെ ഞങ്ങളുടെ പണി തീരാതെ നീണ്ടുപോകുന്ന വീടുപണി സ്ഥലത്ത് കാവൽ കിടക്കും. ദിവസങ്ങൾക്ക് ശേഷം ഞങ്ങളെ കാണുമ്പോൾ ഒരു നൂറായിരം വിശേഷങ്ങൾ പങ്ക് വെയ്ക്കാനുള്ളതായി തോന്നും അവൻെറ കണ്ണുകളിൽ നോക്കുമ്പോൾ! അവനത്ര ലോല മനസ്സുള്ളവനായിരുന്നു. അവനിൽ ആകെയുള്ള രോഷസ്വഭാവം എന്നത് അവൻെറ കൂട്ട്കെട്ടായിരുന്നു. നാട്ടിലെ അനുസരണകെട്ട പട്ടികുട്ടങ്ങളെ അവൻ അവൻെറ സുഹൃത്തുക്കൾ ആക്കിയും അവരെ വിശ്വസിച്ചു എന്നു തന്നെ വേണം. അത് തന്നെയാണ് അവൻെറ സർവ്വനാശത്തിനും കാരണമായിഭവിച്ചത്. ഒരു തണുത്ത ഇരുട്ട് പരന്ന കൊടും മഴയുള്ള സന്ധ്യാ വേളയിൽ ചോരയൊലിപ്പിച്ച് പാതിമുറിഞ്ഞ് തൂങ്ങിയ ചെവിയുമായി നാട്ടുകാരിൽ വെറുക്കപ്പെട്ടവനായി

ആട്ടിയോടിക്കപ്പെടുന്നത് മിന്നായം പോലെ ഞാനും അമ്മുവും മാത്രമേ കണ്ടുള്ളു.

പിന്നീടുള്ള ദിവസങ്ങളിൽ നിരത്തുകളിൽ ഞങ്ങൾ നേത്രങ്ങൾ വായിക്കും.അവൻെറ ഛായയുള്ള പട്ടിയെ കാണുമ്പോൾ കൗതുകത്തോടെ അൽപ്പനേരം ശ്രദ്ധിക്കും. മനസ്സ് സന്തോഷിക്കും. അവനെ വീണ്ടും കണ്ടെന്നു കരുതി ആഹ്ലാദിക്കും. അല്ല. പക്ഷേ, അതവനല്ലായിരുക്കും കാരണം. ഒടിഞ്ഞ്തൂങ്ങിയ പോലത്തെ ചെവിയാണ് ഞങ്ങൾ അവനിൽ കണ്ട നന്മയുടെ അടയാളം ചിലപ്പേൾ അവന്റെ ഉറ്റചങ്ങാതി "ലുട്ടാപ്പി" (അനിയനിട്ട പേരാണ്) പോലും അവനെ മറന്നിട്ടുണ്ടാവും, പക്ഷേ ഇന്നും ഞങ്ങളുടെ മനസ്സിൽ ജീവിച്ചിരിക്കുന്നു. ഇന്നും ഞങ്ങളുടെ മനസ്സ് മന്ത്രിക്കുന്നു "ദൈവമേ അവൻ എവിടെയെങ്കിലും അസുഖം ഭേദമായി സുഖമായി കഴിയുന്ന അവനെ ഞങ്ങളുടെ കൺമുന്നിൽ കൊണ്ട് നിർത്തി തരേണമേ"

-സൂരജ് എസ് ബാബു-

9 A

# ബിനാലെയുടെ കാൽപ്പാടുകളിലൂടെ

ഇന്ത്യയിലെത്തന്നെ ഏക ദ്വിവർഷ സാംസ്കാരിക ചരിത്ര മേളയ്ക്ക് കൊച്ചിയിൽ തിരിതെളിയിച്ചപ്പോൾ മുൻതവണ ഞാൻ ബിനാലെ ആസ്വദിച്ച ഓർമ്മകൾ എന്റെ കണ്മുന്നിലൂടെ ഒരു മിന്നായംപോലെ പാറിവന്നു. എല്ലാ ആണ്ടുകളിലും ഓരോ സവിശേഷതകളും സന്ദേശവുമായാണ് ബിനാലെ വന്നെത്തുന്നത്. ഈ വർഷം സ്ത്രീകളുമായി ബന്ധപ്പെട്ടു കിടക്കുന്ന സത്രീകൾക്കായുള്ള ബിനാലെയാണിത് . അങ്ങനെ ഞാൻ എന്റെ കുടുംബത്തോടെ ബിനാലെ കാണാൻ ഒരു ഞായറാഴ്ച്ച പോകുവാൻ തീരുമാനിച്ചു.

മുൻആണ്ടുകളിലേതുപോലെതന്നെ ട്രെയിനിലാണ് ഞാൻ പോകുന്നത്. കൽക്കരി വിഴുങ്ങി പുക പുറത്തുവിടുന്ന തീവണ്ടികൾ ഇന്ന് സ്വപ്നത്തിൽ മാത്രമാണ്. പുലർച്ചെ കൃത്യം 5.55 നു തന്നെ ഞങ്ങൾ യാത്ര തിരിച്ചു. ഒരു ഒന്നൊന്നര മണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങൾ ഒരു പിടി പുലർകാഴ്ച്ചകൾ കണ്ട് കൊച്ചി സൗത്ത് റെയിൽവേ സ്റ്റേഷനിൽ എത്തിയിരുന്നു. സ്റ്റേഷനിൽ എത്തിയിരുന്നു. പ്ലാററ്ഫോമുകളിൽ ഒട്ടാകെ കറുപ്പു നിറം വ്യാപിച്ചിരുന്നു. അടുത്തെത്തിയപ്പോഴാണ് അത് തമിഴരും മലയാളികളും ആയ അയ്യപ്പഭക്തന്മാരാണെന്ന് അറിഞ്ഞത്. അവിടെ നിന്നും ഓട്ടോയിൽ കയറി ഞങ്ങൾ ഞങ്ങൾ ബോട്ടു

ജെട്ടിയിലെത്തി. അപ്പോഴേക്കും രാഷ്ട്രീയ സ്മരണകൾ ഉണർത്തുന്ന മഹാരാജാസ് കോളേജിലൂടെ ഞങ്ങൾ കടന്നുപോയിരുന്നു. അടുത്തുള്ള ഒരു കടയിൽ നിന്നും പ്രഭാത  ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ ബോട്ടിൽ കയറി മട്ടാഞ്ചേരി ജെട്ടിയിൽ ഇറങ്ങി. അവിടെ നിന്നും ചുററുമുള്ള കാഴ്ച്ചകൾ കണ്ട് ഞങ്ങൾ ദർബാർ ഹാളിനു മുന്നിലെത്തി. മുമ്പത്തേതിൽ നിന്ന് വ്യത്യസ്തമായ ഒരുപാട് മാററങ്ങൾ വരുത്തിയാണ്. ഈ ആണ്ടിൽ ബിനാലെയ്ക്ക് കൊടികയററുന്നത്. പത്തുമണിക്കാണ് ബിനാലെയുടെ ടിക്കററ് കൗണ്ടറും പ്രദർശനവും. ആ സമയത്ത് ഞങ്ങൾ കൊച്ചിയിലെ കാത്തോലിക്ക സഭയുടെ ഒരു പള്ളികണ്ട് ഞങ്ങൾ തിരികെയെത്തി. ആദ്യം തന്നെ ഒരു ഹാളിൽ വലിയ ചുമർ ചിത്രമാണ്. എല്ലാവർഷവും ആ കലാസൃഷ്ടി ഉണ്ടാക്കിയവരുടെ വിവരങ്ങൾ എഴുതി ഒട്ടിക്കുന്നത് പ്ലാസ്ററിക്ക് പ്രതലത്തിൽ ആയിരിക്കും. എന്നാൽ ഈ വർഷം മരക്കഷ്ണത്തിൻെറ തകിട് പോലെ പ്ലൈവുഡ് ഉപയോഗിച്ച് ഉണ്ടാക്കി അതിൽ അക്ഷരങ്ങൾ പ്രിൻറ് ചെയ്യുകയാണ് ചെയ്തത്. എല്ലാ വിഷയത്തിലും പ്രതിമകളും ഫോട്ടോകളും  ഒരു ഷോട്ട് ഫിലിമും പ്രദർശിപ്പിച്ചിട്ടുണ്ട്. ദർബാർ ഹാൾ കണ്ട് തീർന്നപ്പോഴേക്കും ഉച്ചയായി. ഉച്ച ഭക്ഷണം ഹോട്ടലിൽ നിന്നു കഴിച്ച് ഞങ്ങൾ അടുത്ത വേദിയിലേക്ക് യാത്ര തിരിച്ചു. അവിടെ പ്രകൃതിദത്ത  വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച തിയേററും കളിമൺ ശിൽപ്പശാലയുമായിരുന്നു. ഒരുപാട് വേദികൾ പ്രദർശനത്തിനുണ്ടായിരുന്നുവെങ്കിലും സമയപരിധി മൂലം ഞങ്ങൾ പെപ്പർ ഹൗസ്, മട്ടാഞ്ചേരി ഹാൾ തുടങ്ങിയ കുറച്ച് വേദികൾ സന്ദർശിച്ച് ഞങ്ങൾ

ബിനാലെയുടെ പടിയിറങ്ങി. ഏതാണ്ട് ആറരയായതോടെ ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു.എല്ലാ വർഷത്തേക്കാളും വ്യത്യസ്ഥമായി ശബ്ദത്തിനും ദൃശ്യത്തിനും പ്രാധാന്യം നൽകിയായിരുന്നു ഈ വർഷം ബിനാലെ നടത്തിയത്. ഒട്ടനവധി ഓർമ്മകൾ ഉള്ളിൽ നൽകി ഞങ്ങളെ ബിനാലെ തിരിച്ചയച്ചപ്പോൾ മുസീരീസ്സ് നാടും മററും കണ്ണിൽ നിന്നും കണ്ണീർ പൊഴിക്കുന്നുണ്ടായിരുന്നു.അങ്ങനെ ഞാനും എൻെറ കുടുംബവും അടുത്തൊരു ബിനാലെക്കായി കണ്ണിൽ എണ്ണനിറച്ചിരിപ്പായി.

വിവേക് കെ.വി
9B



# നൻമയുടെ പ്രതിഫലം

ഒരിടത്തൊരിടത്തൊരു പൂന്തോട്ടത്തിൽ കുറേ പൂക്കൾ ഉണ്ടായിരുന്നു. അതിൽ ഒരു കൂട്ടം പൂക്കൾക്ക് നിറം ഇല്ലായിരുന്നു. അതോർത്ത് ആ പൂക്കൾ സങ്കടത്തിലായിരുന്നു.

അങ്ങനെയിരിക്കെ ആകാശത്ത് ഒരു മഴവില്ല് പൊങ്ങി. അത് കണ്ട് അവയെല്ലാം സന്തോഷിച്ചു. പക്ഷെ നിറമില്ലാത്തവ മാത്രം സങ്കടപ്പെട്ടു. അപ്പോൾ തേൻ നുകരാൻ എത്തിയ ഒരു പാവം പൂമ്പാററയോട് ആ പൂക്കൾ പറഞ്ഞു-ദേ നോക്കൂ, ആ മഴവില്ല് കാണാൻ എന്തു രസമാ, ഞങ്ങൾക്കും അതിലേതെങ്കിലും ഒരു നിറം കിട്ടിയിരുന്നെങ്കിൽ ഞങ്ങളും സന്തോഷിച്ചേനെ. പൂമ്പാററ പറഞ്ഞു - കൂട്ടുകാരെ, നിറങ്ങൾ കിട്ടിയാൽ നിങ്ങൾ സന്തോഷിക്കുമെങ്കിൽ ഞാൻ അത് കൊണ്ടു വരാം. പൂമ്പാററ മഴവില്ലിനു നേരേ കുതിച്ചു. അവന്റെ ചിറകുകൾ വേദനിച്ചെങ്കിലും കൂട്ടുകാർക്ക് വേണ്ടി ചെയ്യുന്നതിൽ അവൻ സന്തോഷിച്ചു. അങ്ങനെ പറന്നു പറന്നു അവൻ മഴവില്ലിലെത്തി. എന്നിട്ട് അതിൽ നിന്നു ഒരു നിറം എടുത്തു താഴേക്കു പറന്നു. ആ നിറം ഒരു പൂവിനു നൽകി. വീണ്ടും അവൻ മഴവില്ലിനെ ലക്ഷ്യമാക്കി പറന്നു. പക്ഷെ അവൻെറ ദേഹത്ത് കുറച്ചു നിറം പററിയിരുന്നത് അവൻ അറിഞ്ഞിരുന്നില്ല. ഓരോ നിറം എടുക്കുമ്പോഴും ആ നിറം അവൻെറ ദേഹത്ത് പററിയിരുന്നു. അങ്ങനെ എല്ലാ പൂക്കൾക്കും അവൻ നിറം നൽകി. എന്നിട്ട് പൂക്കൾ പറഞ്ഞു - ദേ നോക്കൂ പൂമ്പാറേറ, നീ ഞങ്ങൾക്കു ചെയ്ത ഉപകാരത്തിനു ദൈവം നിനക്കു പ്രതിഫലം നൽകിയിരിക്കുന്നു. ഞങ്ങളുടെയെല്ലാം നിറം ചേർന്നു നീ

ഏററവും ഭംഗിയുള്ള പൂമ്പാററയായി മാറിയിരിക്കുന്നു. എന്തു രസമാ നിന്നെ ഇപ്പോൾ കാണാൻ. അപ്പോഴാണ് പൂമ്പാററ തൻെറ ദേഹത്തേക്ക് നോക്കിയത്. പല നിറങ്ങൾ കിട്ടി തൻെറ ഭംഗി ഇരട്ടിയായതിലും,കൂട്ടുകാരെ സഹായിച്ചതിലും പൂമ്പാററ അത്യധികം സന്തോഷിച്ചു.

-അൽ അമീൻ -

9 B



# ഒരു വയസ്സൻ തുമ്പി

ഞാനൊരു പാവം വയസ്സൻ തുമ്പി
ഞാന്നു കിടെന്നെൻ കരൾ വിതുമ്പി
നീണ്ടു മെലിഞ്ഞ വെളുത്ത കുട്ടി
നീയെന്തിനെൻ വാലിൽ നൂല് കെട്ടി

കുട്ടികൾ രണ്ടെണ്ണമുണ്ടെനിക്കും
കെട്ടിയ പെണ്ണെന്നെ കാത്തിരിക്കും
മോനെന്നെ വിട്ടേക്ക് കൊല്ലരുതേ
മോഹം ഞെരിച്ചു കളയരുതേ

എന്നപ്പടച്ചവൻ തന്നെയല്ലേ
നിന്നെപടച്ചതെന്നോർമ്മയില്ലേ
എല്ലാം പടയ്ക്കാൻ കഴിഞ്ഞവന്നേ
കൊല്ലാനധികാരമുള്ളു  പോന്നേ

ഇകൊച്ചു  പ്രായം കടന്നു  പോകും
ഇക്കാണും സ്വപ്നങ്ങൾ മാഞ്ഞുപ്പോകും
പിന്നെ തനിച്ചു നീ നൊന്തിരിക്കും
എന്നെക്കുറിച്ചോർത്തു സന്തപിക്കും.......



:രാഹുൽ റ്റി കുമാർ:

9E

# പുലരി

പുലരി വിരിഞ്ഞു പൂക്കൾ ചിരിച്ചു
പുല്ലും നെല്ലും കതിരിട്ടു
താളും തവരയും തളിരിട്ടു
തൊട്ടാവാടി എഴുന്നേറ്റു
തുമ്പികൾ വന്നു താളംതുള്ളി
താമരത്തെന്നൽ തുടികൊട്ടി
തുമഞ്ഞിന് മണി മുത്തുകൾ പെയ്തു
തുമ്പപ്പൂക്കളിലൊളിമുഞ്ഞി
കുഞ്ഞരിമുല്ലപ്പൂവ് കാറ്റിൻ
കൈയ്യിൽ കൊടുത്തു സൗരഭ്യം
നിഴലും വെയിലും കൈകോർത്തിട്ടീ
നിലമൊരു വർണ്ണപ്പടമാക്കി
പൂവിതൾ തോറും കഥയും കവിതയു-
മെഴുതി പുലരിക്കിരണങ്ങൾ
അവയുടെ പൊരുളിൻ പൊരുളാകും
ശക്തിക്കെന്നുടെ സ്തുതി ഗീതം

മുഹമ്മദ് ഫാറൂഖ് .എസ്
9 A



# സന്യാസിയും നായയും


ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായാകനികളായിരുന്നു ആഹാരം ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാസിയുടെ ഗൃഹത്തിലെത്തി അലിവ് തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു. നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും പിന്നെ വൈകുന്നേരമായാലെ തിരികെ വരുകയുള്ളു സന്യാസിയെ പോലെ വിശപ്പടക്കാൻ നായക്ക് കഴിയ്യില്ലല്ലോ. വല്ലതും എരിവും പുളിയുള്ളതും വേണം നായക്ക്. ഒരിക്കൽ നായ കാട്ടിൽ ഭക്ഷണം അന്വേഷിച്ച് നടക്കുകയായിരുന്നു. അതാ മരച്ചുവട്ടിൽ ഒരു കടുവ ! നായയെ കണ്ടതും കടുവ ഒരു ചാട്ടം ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം ! നായ ചെന്നു നിന്നതു സന്യാസിയുടെ ഗുഹക്കകത്താണ്. എന്താ എന്തു സംഭവിച്ചു, നിന്നു കിതക്കുന്നത് ? ഒരു കടുവ എന്നെ പിടിക്കാൻ വന്നു നായ കാണിച്ചു സന്യാസി എന്തോ ചൊല്ലി പെട്ടന്ന് നായ ഒരു വലിയ കടുവയായി മാറി . രൂപം മാറിയ നായ ഗുഹക്ക് പുറത്തു വന്നു. മുന്നിൽ ഭിമാകാരനായ കടുവയെ കണ്ടു വെളിയിൽ നിന്ന കടുവ പാഞ്ഞു . പിന്നീട് നായക്ക് വലിയ മൃഗങ്ങളെയും നേരിടേണ്ടിവന്നു. അപ്പോഴെല്ലാം സന്യാസിയുടെ ശക്തി കൊണ്ട് നായയെ ആ മൃഗമാക്കി . ഓരോ തവണയും നായ രക്ഷപ്പെട്ടു ദിവസങ്ങൾ കഴിഞ്ഞു ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞതു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ

തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളു എന്ന് നായ പറഞ്ഞു സന്യാസി ശക്തികൊണ്ട് നായയെ സിംഹമാക്കി. ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തിരുമാനിച്ചു . സിംഹം പുറത്തൊന്നും പേകാതെ ആ ഗുഹയിൽ കഴിഞ്ഞപ്പോൾ സിംഹത്തിന് വിശക്കാൻ തുടങ്ങി. പുറത്തുപ്പോയി വേട്ടയാടാൻ അതിന് തോന്നി. വിശപ്പടക്കാൻ സന്യാസിയെ തന്നെ തിന്നാമെന്ന് തീരുമാനിച്ചു സന്യാസി പുറത്ത് പോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ഉപദ്രവിക്കാനായ് തയ്യാറായി നിൽക്കുന്നു! അത് സന്യാസിയുടെ നേരെ ചാടിവീണു സന്യാസി പെട്ടെന്ന് ആ നായയെ ശപിച്ചു. അതോടെ നായ പഴയതുപ്പോലെയായി സന്യാസിയുടെ മുന്നിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയടച്ചു.

ഗുണപാഠം : വന്നവഴി മറന്ന് അഹങ്കരിക്കരുത് അഹങ്കരിച്ചാൽ ഉള്ളതു കൂടി നഷ്ടമാകും..................

അദീൽ അഹമ്മദ്

9 B



# പ്രകൃതിയുടെ

# കളിവിളയാട്ടങ്ങൾ

കടലിൻെറ ഈണത്തിൽ
കാററിൻെറ ഗാനത്തിൽ
ആകാശത്തിൽ മിന്നിത്തെളിയും നക്ഷത്രമേ
നിൻെറ പുഞ്ചിരിയിൽ ആ ഗാനത്തിൽ
സുഗന്ധം കാണും

പകലിൻെറ വാതിലിൽ ഗാനവും പാടി
പകർന്നെത്തും മഴയുടെ ശബ്ദമുണ്ടേ
കുയിലുകൾ പാടും ഗീതവും
മഴയുടെ ഈററൻ ശബ്ദവും
രാത്രിയിൽ നിലാവും കൂടെയുണ്ടേ

മിന്നാമിനുങ്ങിൻ വെളിച്ചവും
മൂങ്ങ തൻ കരച്ചിലും
രാത്രിയുടെ സൗന്ദര്യമായ് നിൽക്കുന്നുണ്ടേ

അഴകുറും നിലാവും
അതിലേറെ സൗന്ദര്യവും
നൽകുന്ന ചന്ദ്രനും കൂടെയുണ്ടേ

വയലുകളും,കാടുകളും
വൃക്ഷങ്ങളും, മൃഗങ്ങളും
കൂട്ടിനു കുറേ പക്ഷികളും
ഭൂമി തൻ സൗന്ദര്യം വർണ്ണിക്കും
വെള്ളച്ചാട്ടവും കാണുന്നുണ്ടേ

മഞ്ഞിൻ കുളിർമയുള്ള മലകളും,പുഴകളും
അതിലേറേ സൗന്ദര്യമായ വയലുകളും

ഇക്കണ്ട കാഴ്ച്ചകൾ വർണ്ണിക്കും
വർണ്ണിക്കും ദൈവത്തിൻ കളികൾ
എല്ലാമെ കണ്ടുനിൽപ്പൂ
നീചന്മാരായുള്ള മാനുഷ്യന്മാർ തന്നെ
ഭൂമി തൻ സൗന്ദര്യം പാഴാക്കുന്നു.

സഞ്ജയ് കുമാർ
9A



# അമ്മക്കൊരുമ്മ

കണ്ടിട്ടും കണ്ടിട്ടും കൊതിതീരില്ലെന്നാലും
എന്നമ്മ സ്നേഹമയിയാണ്
അമ്മതൻ കൈയ്യിലെ ഒരുരുളച്ചോറ്
കിട്ടിയില്ലെങ്കിൽ പട്ടിണിതാൻ
എൻമുഖം വാടിയാൽ പൊട്ടിക്കരഞ്ഞിടും
എന്നമ്മ തന്നെ സ്നേഹമായി
കണ്ണൊന്നടച്ചാൽ തെളിയുന്ന കണ്ണുനീര്
ഒഴുകി നിറയും അമ്മ മുഖം
ഒരു നാള് പോലും അമ്മയില്ലാതെ
ഞാൻ ജീവിക്കുകയില്ലന്നറിയും
എന്നെങ്കിലും അമ്മ എന്നെ വിട്ടുപോയാൽ
ഞാനില്ല ലോകത്ത് ബാക്കിയായി

-രാം ലാൽ-
9 B



# മാമ്പഴക്കാലം തേടി

ഇനി ഒരു മാമ്പഴക്കാലം കൂടി
എൻ ഓർമ്മയിൽ കാത്തു സൂക്ഷിക്കാൻ
തേന്നൂറും മാമ്പഴം ഭുജിപ്പാൻ
കുസൃതികൾ കാട്ടുവാൻ
എനിക്ക് പോകണം ആ
മാമ്പഴച്ചുവട്ടിലേക്ക്
എന്റെ ബാല്യസ്മരണകൾ നുണയാൻ
അണ്ണാറകണ്ണനെ കാണാൻ
ചെല്ലണം എനിക്ക് തിരികെ എത്തേണം
ആ വൃക്ഷച്ചുവട്ടിലേക്ക്
മാമ്പഴക്കാലം തേടിച്ചെല്ലണം



-രേവതി-
8 F

# ചിറകുകൾ വീശി

വർണ്ണശലഭമായ ചിറകുകൾ വീശി
പറന്നകന്നുവോ നീയെൻ പൂമ്പാറ്റേ
കാലത്തിൻെറ ചക്രവാളത്തിൽ
എന്നെ പിരിയുന്നുവോ

അന്ന് ഞാൻ ആ ഉദ്യാനത്തിൽ
നിന്നെ തലോടിയ നാൾ
നീ ചൊല്ലിയില്ലേ നിൻെറ കഥകൾ

തേൻ നുകരാൻ നീ എത്തിയ വേളയിൽ
എത്തിയില്ലേ ഞാൻ നിനക്ക് കാവലായ്
അന്നു നിന്നെ എൻ സോദരി
കല്ലെടുപ്പിച്ച നാൾ

നീ ശ്രമിച്ചില്ലേ പറന്നുയരാൻ
മരണത്തിൻെറ വക്കിൽ നിന്നു
ചിറകുകൾ വീശി പറന്നുയരാൻ.

സഞ്ചയ് കുമാർ
9 A




# ഞാൻ ചൊവ്വയിൽ

ഞാൻ അങ്ങ് ചൊവ്വയിൽ പോയല്ലോ
റോക്കറ്റിൽ ഏറി ഞാൻ ചീറി
പാഞ്ഞു ഞാൻ ചൊവ്വയിലേക്ക്
ചൊവ്വ കാണാൻ, കല്ലും മണ്ണും ശേഖരിക്കാൻ
സ്തബ്ധമായി സാക്ഷിയായി നിന്നു ഞാൻ
ആ അത്ഭുതലോകം കണ്ട്
വെള്ളം കെട്ടി നിൽക്കുന്നത്
തോന്നിപ്പിക്കും തരം പ്രദേശങ്ങളും
കുരിരുൾ മൂടിയ ആകാശവും
ചൊവ്വയിലെ അന്തരീക്ഷ സവിശേഷതകൾ
വായുവില്ല,ചെടികളില്ല,ജീവനില്ലാത്ത ലോകം
ഇവയൊന്നും കള്ളമല്ല,തിരിച്ചറിഞ്ഞ
സത്യങ്ങൾ മാത്രം............



-രേവതി-
8 F

# ചിത്രജാലകം




-ഗുരു സ്വാമി-
9 A






-ഗുരു സ്വാമി-

9 A








-ഗുരു സ്വാമി-

9 A